# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:07.03.2025**

### പ്രധാനവാർത്തകൾ

1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് 200-മത്തെ കപ്പൽ നങ്കൂരമിട്ടു; ഇന്ന് വിഴിഞ്ഞത്തെത്തുന്നത് അഞ്ച് കപ്പലുകൾ.

2) മുംബൈയിൽ കണ്ടെത്തിയ മലപ്പുറം സ്വദേശികളായ പെൺകുട്ടികളുമായി കേരള പോലീസ് വൈകിട്ടോടെ നാട്ടിലേയ്ക്ക് യാത്ര തിരിക്കും.

3) സംസ്ഥാനത്ത് കനത്ത ചൂടിന് ശമനമില്ല; തൃശൂരും പാലക്കാടും ജാഗ്രതാനിർദ്ദേശം; അൾട്രാവയലറ്റ് രശ്മികൾ കൂടുതൽ പതിച്ചത് കൊട്ടാരക്കരയിൽ.

4) ആറ്റുകാൽ ക്ഷേത്രോത്സവത്തിനോട് അനുബന്ധിച്ചുള്ള കുത്തിയോട്ട വ്രതത്തിന് ഇന്ന് തുടക്കം; പൊങ്കാലയ്ക്കൊരുങ്ങി അനന്തപുരി.

5) ഐ.സി.സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനൽ മറ്റെന്നാൾ; ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റി പോരാട്ടം.

RNU TVPM

==========================================

## വിഴിഞ്ഞം -കപ്പൽ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് 200-മത്തെ കപ്പൽ എത്തി. എ.എസ്.അൽവയാണ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്. ആകെ അഞ്ച് കപ്പലുകളാണ് ഇന്ന് വിഴിഞ്ഞത്ത് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. ജേഡ് സർവീസിലെ MSC മിയ എന്ന വമ്പൻ കപ്പലും ഇന്ന് വിഴിഞ്ഞത്ത് എത്തും. സിംഗപ്പൂരിൽ നിന്ന് പോർച്ചുഗലിലേയ്ക്ക് പോകുംവഴിയാണ് വിഴിഞ്ഞത്ത് ചരക്ക് നീക്കത്തിനായി എം.എസ്.സി മിയ എത്തുക. 3.98 ലക്ഷം ടി.ഇ.യു കണ്ടെയ്നർ ആണ് വിഴിഞ്ഞം തുറമുഖത്ത് ഇതുവരെ കൈകാര്യം ചെയ്തത്.

==========================================

## മലപ്പുറം പെൺകുട്ടികൾ (ഇൻട്രോ)

മുംബൈയിൽ നിന്ന് കണ്ടെത്തിയ മലപ്പുറം താനൂർ സ്വദേശികളായ രണ്ട് പെൺകുട്ടികളുമായി കേരള പോലീസ് വൈകിട്ടോടെ കേരളത്തിലേയ്ക്ക് യാത്ര തിരിക്കും. ഇവരെ നാളെ ഉച്ചയോടെ നാട്ടിലെത്തിക്കുമെന്ന് മലപ്പുറം എസ്.പി ആർ.വിശ്വനാഥ് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്)

നിലവിൽ കെയർ ഹോമിലാണ് കുട്ടികൾ ഉള്ളത്. കുട്ടികളെ തിരികെയെത്തിക്കാനായി ഇന്ന് രാവിലെയാണ് തിരൂർ പോലീസ് പൂനെയിലെത്തിയത്. ഇന്നലെ മുംബൈ ലോണോവാലയിൽ നിന്നാണ് കുട്ടികളെ കണ്ടെത്തിയത്. താനൂർ ദേവദാർ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥികളെയാണ് കഴിഞ്ഞ ദിവസം കാണാതായത്.

==========================================

PNU TVPM

## വെഞ്ഞാറമൂട് -കൂട്ടക്കൊല

വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസിലെ പ്രതി അഫാൻ പാങ്ങോട് പൊലീസ് സ്റ്റേഷനിലെ ശുചിമുറിയിൽ രാവിലെ തല കറങ്ങി വീണു. ഇയാളെ കല്ലറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെത്തിച്ച് പ്രാഥമിക ചികിത്സ നൽകിയ ശേഷം പാങ്ങോട് സ്റ്റേഷനിലേക്ക് തിരിച്ചെത്തിച്ചു. കാര്യമായ ആരോഗ്യ പ്രശ്നമില്ലെന്ന് ഡോക്ടർമാർ അറിയിച്ചു.

കൂട്ടക്കൊലക്കേസിലെ പ്രതിയായ അഫാനുമായി പൊലീസ് ഇന്ന് തെളിവെടുപ്പ് നടത്താനിരിക്കെയാണ് ഇയാൾക്ക് ദേഹാസ്വാസ്ഥ്യം അനുഭപ്പെട്ടത്. പ്രതി ഇപ്പോൾ പാങ്ങോട് പൊലീസ് സ്റ്റേഷനിലാണ്.

==========================================

## കനത്ത ചൂട്

സംസ്ഥാനത്ത് കനത്ത ചൂടിന് ശമനമില്ല. തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 37°C വരെയും ആലപ്പുഴ, മലപ്പുറം ജില്ലകളിൽ 36°C വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് പകൽ 10 മുതൽ 3 മണി വരെ ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ 24 മണിക്കൂറിനിടെ ഏറ്റവും കൂടുതൽ U.V രശ്മികൾ പതിച്ചത് കൊല്ലം, കൊട്ടാരക്കരയിലാണ്. ഇവിടെ ഓറഞ്ച് അലെർട്ടാണ്.

==========================================

RNU TVPM

## ഐ.ടി -ഹെൽപ് ടെസ്ക് (ഇൻട്രോ)

നികുതിദായകരെ സഹായിക്കുന്നതിനായി ആദായ നികുതി വകുപ്പിന്റെ തിരുവനന്തപുരത്തെ ആയകാർ സേവാ കേന്ദ്രത്തിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. ആദായ നികുതി ചീഫ് കമ്മീഷണർ അസിത് സിങ് ഹെൽപ്പ് ഡെസ്കിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വിശദാംശങ്ങളുമായി ഇൻകം ടാക്സ് ഓഫീസർ വി.ജെ.അർണോൾഡ് രഞ്ജിത്.....

(it office pro)

==========================================

## സി.പി.ഐ.എം സംസ്ഥാന സമ്മേളനം

24-ാം പാർട്ടി കോൺഗ്രസിന് മുന്നോടിയായി കൊല്ലത്ത് നടക്കുന്ന സി.പി.ഐ.എം സംസ്ഥാന സമ്മേളനം രണ്ടാം ദിവസത്തിൽ. ഇന്ന് പ്രതിനിധി സമ്മേളനത്തിൽ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ചർച്ചയാണ് നടക്കുന്നത്. ഇന്നലെ സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിന്മേൽ ഗ്രൂപ്പ് ചർച്ച നടന്നിരുന്നു. ഞായറാഴ്ച സമ്മേളനം സമാപിക്കും. പുതിയ സംസ്ഥാന കമ്മിറ്റിയേയും സമ്മേളനം തീരുമാനിക്കും.

RNU TVM

==========================================

## രാഷ്ട്രപതി - വനിതാദിനം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ദേശീയ കോൺഫറൻസ് നാളെ ന്യൂഡൽഹിയിൽ രാഷ്ട്രപതി

ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. 'നാരീശക്തിയിലൂടെ വികസിതഭാരതം' എന്നതാണ് പരിപാടിയുടെ പ്രമേയം. വനിതാ ശിശു വികസന മന്ത്രാലയമാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

==========================================

## വനിതാ ദിനാചരണം-വീണാ ജോർജ്

അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് വനിതാ-ശിശുവികസന വകുപ്പിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ്ജ് നാളെ തിരുവനന്തപുരത്ത് നിർവ്വഹിക്കും. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികൾക്ക് വനിതാ രത്ന പുരസ്കാരം സമ്മാനിക്കും. എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവകാശങ്ങൾ, സമത്വം, ശാക്തീകരണം എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിന സന്ദേശം.

==========================================

## ആറ്റുകാൽ പൊങ്കാല

ആറ്റുകാൽ ഭഗവതി ക്ഷേത്രോത്സവത്തോട് അനുബന്ധിച്ചുള്ള പ്രധാന ചടങ്ങുകളിലൊന്നായ കുത്തിയോട്ട വ്രതത്തിന് ഇന്ന് തുടക്കമാകും. ഇത്തവണ 592 ബാലന്മാരാണ് വ്രതം അനുഷ്ഠിക്കുന്നത്. ഉത്സവം തുടങ്ങിയതോടെ ക്ഷേത്രത്തിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഈ മാസം 13 ന് നടക്കുന്ന ആറ്റുകാൽ പൊങ്കാലയ്ക്കായി തലസ്ഥാന നഗരി ഒരുങ്ങിക്കഴിഞ്ഞു.

==========================================

RNU TVPM

## കെ.എ.എസ് വിജ്ഞാപനം

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൻറെ രണ്ടാം വിജ്ഞാപനം ഇന്ന് പി.എസ്.സി പ്രസിദ്ധീകരിക്കും. മൂന്ന് കാറ്റഗറികളിലായിട്ടാകും വിജ്ഞാപനം. ഒറ്റഘട്ടമായി നടത്തുന്ന പ്രാഥമിക പരീക്ഷ ഈ വർഷം ജൂൺ 14 നും മുഖ്യ പരീക്ഷ ഒക്ടോബർ 17, 18 തീയതികളിൽ നടത്തും. 2026 ഫെബ്രുവരിയിൽ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും.

=============================================

## കാസർഗോഡ് -തെങ്ങ് കൃഷി (ഇൻട്രോ)

കാസർഗോഡ് ബേഡടുക്ക ഗ്രാമ പഞ്ചായത്തിലെ തനത് തെങ്ങിനത്തിന്റെ സംരക്ഷണവും വിപുലീകരണവും ലക്ഷ്യമിട്ട് ബേഡടുക്ക ഗ്രാമ പഞ്ചായത്തും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി ആവിഷ്കരിച്ച ബഹുവർഷ പരിപാടി ഫലപ്രാപ്തിയിലേയ്ക്ക്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി **പി.ജഗന്നിവാസൻ.......**

(വോയിസ്)

=============================================

## ചാമ്പ്യൻസ് ട്രോഫി

ഞായറാഴ്ച്ച നടക്കുന്ന ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ന്യൂസിലൻഡുമായി ഏറ്റുമുട്ടും. ടൂർണമെന്റിൽ ഇതുവരെ മികച്ച ഫോം കാഴ്ചവയ്ക്കാൻ ഇരു ടീമുകൾക്കും കഴിഞ്ഞിട്ടുണ്ട്. സെമിയിൽ ഇന്ത്യ ഓസ്ട്രേലിയയെയും, ന്യൂസിലൻഡ് ദക്ഷിണാഫ്രിക്കയെയും പരാജയപ്പെടുത്തിയാണ് കലാശക്കളിക്ക് യോഗ്യത നേടിയത്. മറ്റെന്നാൾ

ഉച്ചതിരിഞ്ഞ് ഇന്ത്യൻ സമയം 2.30 ന് ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് ഫൈനൽ.

==========================================

## ഐ.എസ്.എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റി എഫ്സിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 07:30 ന് മത്സരം ആരംഭിക്കും. ഈ സീസണിലെ ബ്ലാസ്റ്റേഴ്സിന്റെ അവസാന ഹോം മത്സരമാണിത്.

==========================================

## ക്രിക്കറ്റ്-വനിത പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

RNU TVPM

==========================================

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. മുംബൈ ഓഹരി സൂചിക സെൻസെക്സ് 130 പോയിന്റ് ഇടിഞ്ഞ് 74,219 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 29 പോയിന്റ് താഴ്ന്ന് 22,515 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 60 രൂപ കുറഞ്ഞ്, 8,000 രൂപയും പവന് 480 രൂപ കുറഞ്ഞ് 64,000 രൂപയുമായി.

==========================================

## ഹാർബറിൽ സംഘർഷം

കൊല്ലം നീണ്ടകര ഹാർബറിൽ സംഘർഷം. ബോട്ടുകാരും, വള്ളക്കാരും തമ്മിൽ വാക്കേറ്റവും കയ്യേറ്റവും ഉണ്ടായി.

ചെറുമീനുകളെ ബോട്ടുകാർ പിടികൂടുന്നതിനെ ചൊല്ലിയാണ് തർക്കം ഉണ്ടായത്. ഇതേതുടർന്ന് ഹാർബറിൻ്റെ പ്രവർത്തനം തടസപ്പെട്ടു.

==========================================

## നോർക്ക -വനിതാ സെൽ

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് നോർക്ക വനിതാസെല്ലിന്റെ
ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സുരക്ഷിത വിദേശ തൊഴിൽ കുടിയേറ്റ, നിയമ ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചു. വിദേശത്തേയ്ക്ക് ഉപരിപഠനത്തിനോ തൊഴിലിനോ പോകുന്ന വനിതകൾക്ക് അവരുടെ അവകാശങ്ങൾ സംബന്ധിച്ചും സുരക്ഷിതമായ തൊഴിൽ കുടിയേറ്റ നടപടിക്രമങ്ങൾ സംബന്ധിച്ചും ബോധവൽക്കരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി.

RNUTVPM

==========================================

## സാഹിത്യോത്സവം

കേന്ദ്ര സാഹിത്യ അക്കാദമി ഇന്ന് മുതൽ ഈ മാസം 12 വരെ ന്യൂഡൽഹിയിലെ രബീന്ദ്ര ഭവനിൽ സാഹിത്യോത്സവ് സംഘടിപ്പിക്കും. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് മേള ഉദ്ഘാടനം ചെയ്യും. 23 ഭാഷകളിലായി സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ

സമ്മാനിക്കുന്ന ചടങ്ങിൽ പ്രശസ്ത ഇംഗ്ലീഷ് നാടകകൃത്ത് മഹേഷ് ദത്താനി മുഖ്യാതിഥിയായി പങ്കെടുക്കും. ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമാണിത്.

==========================================

==========================================

============

RNU TVPM